
# ഒരു പത്രംകൂടി പ്രൊഫഷണലാകുമ്പോൾ

ഒരു പത്രം എന്നനിലയിൽ മനോരമ നടപ്പാക്കിയ പ്രൊഫഷണലിസവും, കച്ചവട തന്ത്രങ്ങളും വിപണന സൂത്രങ്ങളും മനോരമയെ ഒരു പത്രമെന്നതിലുപരി ഏറ്റവും കൂടുതൽ ആളുകൾ കാണുന്ന മലയാളം ചാനലാക്കി മാറ്റിയപ്പോൾ; മാതൃഭൂമിയുടെ ആരാധകർ തങ്ങളുടെ പത്രത്തിന്റെ ഭാഗത്തുനിന്നും ഒരു പ്രൊഫഷണൽ സമീപനം പ്രതീക്ഷിച്ചിരുന്നു. പിന്നീട് മനോരമയുടെയല്ല ദേശാഭിമാനിയുടെ പ്രൊഫഷണലിസം പോലും മാതൃഭൂമി കാണിക്കുന്നില്ല എന്ന കണ്ട് ഇതാ മാർക്കറ്റ് നഷ്ടപെടാൻ പോകുന്ന ഒരു ഉൽപ്പന്നം എന്നമട്ടിൽ മാതൃഭൂമിയെ മിസ്സുവാറും എഴുതി തള്ളിയ മട്ടിലായിരുന്നു ജനം. അപ്പോഴിതാ ഒരൽഭുതം സംഭവിച്ചിരിക്കുന്നു മാതൃഭൂമി പ്രൊഫഷണലാകുന്നു!

കെ. ഗോപാലകൃഷ്ണനെ ദിനപത്രത്തിന്റെ എഡിറ്ററായി അവരോധിക്കുന്നത് തന്നെ ഇത്തരം ഒരു പരിവർത്തനം മുന്നിൽ കണ്ടുകൊണ്ടാണ്. പക്ഷെ, അതിനു മുമ്പു തന്നെ മാതൃഭൂമി വരാൻപോകുന്ന മാറ്റങ്ങളുടെ സൂചനകൾ നൽകിയിരുന്നു. ഏകദേശം ആറുമാസം മുമ്പ് തുടങ്ങിയ ലോട്ടറി പരസ്യങ്ങളുടെ പേജ് അത്തരം ഒരു സൂചനയായിരുന്നു. എല്ലാദിവസവുമെന്നോണം കഷ്ടിച്ച് ഒരു പേജ് നിറയെ സ്വകാര്യ ലോട്ടറികളുടെ പരസ്യങ്ങളുമായാണ് ഇപ്പോൾ മാതൃഭൂമി ഇറങ്ങുന്നത്. ലോട്ടറി പരസ്യങ്ങൾ നൽകുന്നത് പത്ര വിൽപ്പനയെ വർദ്ധിപ്പിക്കും എന്ന കണ്ടെത്തലായിരുന്നു ഇതിനു പിന്നിൽ. 'ഇനിമുതൽ വിശ്വസ്തമായ ലോട്ടറി ഫലങ്ങൾക്ക് മാതൃഭൂമി കാണുക' എന്നർത്ഥം വരുന്ന നോട്ടീസുകൾ പലയിടങ്ങളിലും വിതരണം ചെയ്യപ്പെട്ടിരുന്നു എന്ന് കൂടി അറിഞ്ഞാലേ, ഒരു പരസ്യവരുമാനമർഗ്ഗം എന്നതിലുപ്പറം വായനക്കാരെ ആകർഷിക്കുന്ന ഒരു ഇനം എന്ന നിലയിലാണ് ലോട്ടറി പരസ്യങ്ങളെ മാതൃഭൂമി അവതരിപ്പിക്കുന്നതെന്ന് മനസ്സിലാകൂ.




ഓഗസ്റ്റ് 21-ലെ മാതൃഭൂമിയിൽ ആദ്യപേജിൽ ഏറ്റവും ശ്രദ്ധാർഹമായിത്തന്നെ അവതരിപ്പിച്ച, തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒമ്പതാം വാർഡിൽ ഉടുതുണിപോലുമില്ലാതെ തള്ളിയിട്ടിരിക്കുന്ന അനാഥരായ വൃദ്ധരോഗികളുടെ 'സെൻസേഷണൽ' ചിത്രം അനുപമമായ ഒരു അവതരണമായിരുന്നു. സ്വയം സംസാരിക്കുന്ന ആ ചിത്രത്തെ വിശദീകരണ ലേഖനത്തിന്റെ അകമ്പടികൂടാതെ 'ചിത്രം തന്നെ സ്വയം സംസാരിക്കട്ടെ' എന്ന മട്ടിൽ അവതരിപ്പിച്ചത് നല്ല ഒരു തീരുമാനമായിരുന്നു. സ്വയം സംസാരിക്കാൻ മാത്രം ഊർജ്ജമുള്ളതായിരുന്നു ബിനലാലിന്റെ ആ ചിത്രം.

ചിത്രം കണ്ടു ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയും, മന്ത്രി തന്നെ ഓടിയെത്തി ഒമ്പതാം വാർഡ് സന്ദർശിക്കുകയും വായനക്കാർ സംഭാവനകളുമായി എത്തുകയും ചെയ്തതോടെ വിചാരിച്ചതിലേറെ ഫലം നല്കിയ ഒരു സ്കൂപ്പ് ഐറ്റമായി 'ഒമ്പതാം വാർഡിന്റെ ചിത്രം'. ആ പത്രചിത്രത്തിനുണ്ടായ 'ഫോളോ അപ്' ശരിക്കും ആഘോഷിക്കുകയും ചെയ്തു പത്രം. പക്ഷേ, അതിനവർക്ക് അർഹതയുണ്ട് എന്നും പറയാം. എന്തായാലും ഒരു പ്രശ്നം ജനശ്രദ്ധ

## പരപത്രദൂഷണം
## ദോഷൈകദൃക്ക്

യിൽ കൊണ്ടുവരാനും ആ പ്രശ്നം പരിഹരിക്കാനുള്ള അടിയന്തിര ശ്രമങ്ങൾക്ക് അധികാരികളെ പ്രേരിപ്പിക്കാനും ആ ചിത്രത്തിലൂടെ മാതൃഭൂമിക്കു കഴിഞ്ഞു; അതിനെ അഭിനന്ദിക്കുക.

'ഒമ്പതാം വാർഡ് കണ്ട് കേരളം പകച്ചുനിന്നു' എന്ന പിറ്റേദിവസ പകച്ചുനിന്നു' എന്ന പിറ്റേദിവസത്തെ മാതൃഭൂമിയിലെ ഒന്നാംപേജ് തലക്കെട്ട്, പക്ഷേ, മാതൃഭൂമിയുടെ ഓഗസ്റ്റ് ഒന്നിലെ പത്രം കണ്ടവർ 'വീരപ്പനെ കണ്ട് കേരളം പകച്ചുനിന്നു' എന്നു മുമ്പേ പറഞ്ഞതിന്റെ പകർപ്പായിരുന്നു. ഒരു പത്രം പ്രൊഫഷണലിസം പയറ്റുമ്പോൾ സംഭവിക്കുന്ന വ്യത്തികേടുകൾക്ക് മാതൃകയായി ഓഗസ്റ്റ് ഒന്നിലെ മാതൃഭൂമി എടുക്കാം. രണ്ടു കോളം വീതിയിൽ പത്രത്തിന്റെ അടിമുതൽ മുടിവരെ നിറഞ്ഞു നിൽക്കുന്ന വീരപ്പന്റെ ആ ഫുൾ സൈസ് ചിത്രംകൊണ്ട് മാതൃഭൂമി വായനക്കാരനെ ഞെട്ടിക്കുക തന്നെ ചെയ്തു. തൊട്ടടുത്ത് മൂന്നുകോളത്തിൽ വീരപ്പന്റെ വിഹാരമേഖലയുടെ കളർ സ്കെച്ച് വരച്ച് 'വീരപ്പനാട്' എന്ന തലക്കെട്ടും കൂടി എഴുതിവച്ചതോടെ കാര്യം കുറേക്കൂടി വ്യക്തമായി.

മനോരമ ഉൾപ്പെടെ മറ്റു പത്രങ്ങളിലൊന്നും ഒന്നാം പേജിൽ വീരപ്പന്റെ ചിത്രം ഇതുപോലുണ്ടായിരുന്നില്ല. "ഭീകരനെങ്കിലും എത്ര വീരൻ വീരപ്പൻ" എന്ന മട്ടിൽ വീരപ്പനെ വായനക്കാരന്റെ മനസിൽ വിഗ്രഹമാക്കുന്നതിനുള്ള മനഃപൂർവമായ ശ്രമങ്ങളാണ് പത്രങ്ങളൊന്നാകെ നടത്തുന്നത്. അതിൽ പരിധിയും വിട്ടു പുറത്തു പോയി കളിക്കുകയായിരുന്നു മാതൃഭൂമി.

50 പേരെ കൊന്നിട്ടുള്ളവനാണെങ്കിലും ഒരു ഭീകരന്റെയോ രാജ്യദ്രോഹിയുടെയോ സമൂഹദ്രോഹിയുടെയോ മട്ടിലല്ല പത്രങ്ങൾ വീരപ്പനെ സമീപിക്കുന്നത്. വീരപ്പനെ ഒരു നായകനാക്കുകയാണ് അവർ. രണ്ടു മൂന്നു സ്റ്റേറ്റുകളിലെ പോലീസ് സേന ഒന്നുചേർന്ന് തിരഞ്ഞിട്ടും പിടിക്കാനാവാത്ത, സംസ്ഥാന ഭരണകൂടങ്ങളെ വിരൽത്തുമ്പിൽ നിർത്തി വേണ്ട കാര്യങ്ങൾ സാധിച്ചെടുക്കുന്ന അതിസാഹസികനായ ഒരു വീര പുരുഷനായി വീരപ്പൻ മാറിക്കഴിഞ്ഞു. ഈ വിഗ്രഹവത്കരണത്തിനു ചുക്കാൻ പിടിക്കുന്നത് മാധ്യമങ്ങളാണ്. വീരപ്പനാടിന്റെയും വീരപ്പന്റെയും ആനമുഴുപ്പുള്ള ചിത്രങ്ങൾ നിറച്ചുവെച്ച് മാതൃഭൂമി ഒരുപടി മുന്നിലാവുന്നു എന്നുമാത്രം.

തിങ്കളാഴ്ചതോറും ധനകാര്യം സപ്ലിമെന്റ്, ആഴ്ചയിലൊരിക്കൽ കുട്ടികൾക്കായി കുട്ടി ഡോട്ട് കോം (ആ പേരിന്റെ സമകാലികത കാണുക) എന്ന കുട്ടികളുടെ പേജ്, കലാലയ വിദ്യാർഥികൾക്കായി മറ്റൊരു പേജ്... മാതൃഭൂമി പ്രൊഫഷണലിസത്തിന്റെ പാതയിൽ അതിവേഗം നീങ്ങുകയാണ്.

വായനക്കാരുടെ കൂടിവരുന്ന ആധ്യാത്മികതയും പുണ്യഭൂമി പോലുള്ള പത്രങ്ങൾ വരാനുള്ള സാധ്യതയും ജന്മഭൂമിക്കു പിറകിലായിക്കൂടെന്ന വാശിയും കൊണ്ടായിരിക്കണം ആധ്യാത്മിക വാർത്താവിഭാഗത്തിൽ പെടുന്ന വാർത്തകൾക്കും ചിത്രങ്ങൾക്കുമായി എത്ര സ്ഥലം നീക്കിവച്ചാലും തരക്കേടില്ല എന്ന നിലപാടിലാണ് മാതൃഭൂമി.

ശ്രീകൃഷ്ണ ജയന്തിക്ക് ഒന്നാംപേജിൽ 3 കോളം വീതിയിൽ അര പേജ് നിറഞ്ഞുനിൽക്കുന്ന ഗുരുവായൂരപ്പന്റെ ചിത്രമാണ് ഒന്നാംപേജിൽ. മൂന്നാം പേജിൽ ഗുരുവായൂർ ക്ഷേത്രത്തിന്റെ ചിത്രവും ക്ഷേത്രങ്ങളിലെ പ്രത്യേക പൂജയെക്കുറിച്ച് കളറിലടിച്ച തലക്കെട്ടോടെ നാലുകോളം വാർത്തയും. പിറ്റേന്ന് ബാലഗോകലം നടത്തിയ ശോഭായാത്രയുടെ ചിത്രം അരപേജ്- മൂന്നുകോളം വലിപ്പത്തിൽ ഒന്നാം പേജിൽ, അവസാന പുറത്ത് അഷ്ടമിരോഹിണിയുമായി ബന്ധപ്പെട്ട് ഗുരുവായൂർ ക്ഷേത്രത്തിൽ നടന്ന ആചാരങ്ങളുടെ വിശദമായ റിപ്പോർട്ടും ചിത്രവും. രണ്ടാം പേജിലും മൂന്നാം പേജിലും 8 കോളം നീളത്തിൽ ശോഭായാത്രകളുടെ റിപ്പോർട്ടുകൾ. മൊത്തത്തിൽ അഷ്ടമിരോഹിണിക്കായി ചെലവാക്കിയത് ഒരു മുഴുവൻ പേജിൽ കൂടുതൽ!

'മതപ്രഭാഷണങ്ങളിലൂടെ' എന്ന പുതിയൊരു പംക്തിയും ആരംഭിച്ചിട്ടുണ്ട്. സുകുമാർ അഴീക്കോടിനും അദ്ദേഹം പങ്കെടുക്കുന്ന ചടങ്ങുകൾക്കും കല്പിച്ചിട്ടുള്ള ഊരുവിലക്ക് ഇപ്പോഴും പിൻവലിച്ചിട്ടില്ലെന്നു തോന്നുന്നു. അഴീക്കോടിനോട് അനുഭാവമുള്ളവരെ ഉൾക്കൊള്ളാനായി അതും ചെയ്യുന്നുടെന്നില്ല. കച്ചവടത്തിൽ സ്ഥിരം ശത്രുക്കളോ സ്ഥിരം മിത്രങ്ങളോ പാടില്ലല്ലോ.